DESPATCHED On...18/12/21...

23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.1587(5)/18/SIC

## തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## File No. 7097/SIC-G7/2018

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

ശ്രീമതി പുഷ്പലത. എൽ,
റ്റി.സി 2/1782, ലീലയം,
വി.എസ്.എസ്.സി റോഡ്,
കുളത്തൂർ പി.ഒ, തിരുവനന്തപുരം - 695 583.
} അപ്പീൽഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം - 695 004.

അപ്പീൽ അധികാരി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം - 695 004.
} എതിർകക്ഷി

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 07.05.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 28.05.2018 |
| ഒന്നാം അപ്പീൽ | 04.06.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 28.06.2018 |
| രണ്ടാം അപ്പീൽ | 09.07.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 28.07.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരി എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, 25.04.2018 ലെ എസ്റ്റാ.1(2)24203/12/ഗ.വി നമ്പർ കത്തിന് ആധാരമായ പരാതിയുടെ പകർപ്പും അതുമായി ബന്ധപ്പെട്ട നോട്ട്-കറസ്പോണ്ടന്റ് ഫയലുകളുടെ പകർപ്പുകളുമാണ്.

2. പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട പകർപ്പുകൾ പൂർണ്ണമായും ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്ന് ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും ടെലഫോൺ മുഖാന്തിരം കേൾക്കാൻ തീരുമാനിച്ചു.

3. ഹിയറിംഗിൽ പങ്കെടുത്ത അപ്പീൽ ഹർജിക്കാരി കമ്മീഷനെ അറിയിച്ചത്, Ph.D ഗവേഷണവുമായി ബന്ധപ്പെട്ട് അപേക്ഷകയ്ക്ക് എതിരെയുള്ള വ്യാജപരാതിയുടെ പകർപ്പും ആയതുമായി ബന്ധപ്പെട്ടിട്ടുള്ള നോട്ട് കറസ്പോണ്ടൻസ് ഫയലുകളും ആവശ്യപ്പെട്ടിരുന്നു എങ്കിലും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ മൂന്നാം കക്ഷി നൽകിയ പരാതിയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം നൽകുവാൻ നിർവ്വാഹമില്ല എന്നും നോട്ട് ഫയലിന്റെ പകർപ്പിന് 6/- രൂപ ഫീസ് ഒടുക്കണമെന്നും തുടർന്ന് നോട്ട് ഫയലിന് വേണ്ടി 6/- രൂപ ഫീ ഒടുക്കി എങ്കിലും പൂർണ്ണമായ പകർപ്പുകൾ നൽകിയിരുന്നില്ല എന്നും ആവശ്യപ്പെട്ട പരാതിയുടെ പകർപ്പും കറസ്പോണ്ടൻസ് ഫയലിന്റെ പകർപ്പും ലഭ്യമായിരുന്നില്ല എന്നും തുടർന്ന് നൽകിയ ഒന്നാം അപ്പീലിനും എസ്.പിഐ.ഒയുടെ മറുപടി ശരിവയ്ക്കുന്നതായിരുന്നു എന്നും ആകയാൽ അപേക്ഷയിൽ ആവശപ്പെട്ടിട്ടുള്ള വിവരങ്ങളും പകർപ്പുകളും ലഭ്യമാക്കണമെന്നാണ്.

4. അപ്പീൽഹർജിക്കാരി ആവശ്യപ്പെട്ട പരാതിയുടെ പകർപ്പ് വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം നൽകുവാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചു എന്നും നോട്ട് ഫയലിന്റെ പകർപ്പിന് 6/- ഫീസ് ഒടുക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് അടയ്ക്കാതെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും അപ്പീൽ അധികാരി എസ്.പി.ഐ.ഒയുടെ 28.05.2018 ലെ മറുപടി ശരിവയ്ക്കുകയും നോട്ട് ഫയലിന്റെ പകർപ്പുകൾ, എസ്.പി.ഐ.ഒ ആവശ്യപ്പെട്ട പ്രകാരമുള്ള ഫീസ് ഒടുക്കി കൈപ്പറ്റണമെന്ന് ടിയാരിയെ അറിയിച്ചു കൊണ്ട് ഒന്നാം അപ്പീൽ തീർപ്പാക്കി എന്നും എന്നാൽ അപ്പീൽ അപേക്ഷയുടെ മറുപടി ലഭിക്കുന്നതിന് മുമ്പ് തന്നെ പകർപ്പുകൾ കൈപ്പറ്റിയിരുന്നു എന്നും മറ്റുമാണ് എസ്.പി.ഐ.ഒ അറിയിച്ചിട്ടുള്ളത്.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും എസ്.പിഐ.ഒയുടെയും അപ്പീൽ ഹർജിക്കാരിയുടെയും മൊഴികളും പരിശോധിക്കുമ്പോൾ, അപ്പീൽവാദി ആവശ്യപ്പെട്ടിരുന്നവയിൽ പരാതിയുടെ പകർപ്പ് ഒഴികെയുള്ള വിവരം ലഭിച്ചു എന്ന് കമ്മീഷൻ നിരീക്ഷി

ക്കുന്നു. ശ്രീമതി പുഷ്പലത. എൽ തന്റെ ഗവേഷണവുമായി ബന്ധപ്പെട്ട് യാതൊരു വിധ ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടില്ല എന്ന് അറിയിക്കുകയും അത് കമ്മീഷൻ സെക്രട്ടറി തന്നെ അംഗീകരികരിക്കുകയും ചെയ്തിട്ടുണ്ട്. പരാതിക്കാരനായ വി.ആർ. സി. പിള്ളയ്ക്ക് മറുപടി നൽകുന്നതിനും ഉത്തരവ് നൽകി. വ്യാജപരാതിയാണെന്ന് ഇതിലൂടെ തെളിയുന്നു. കുറിപ്പ് ഫയലിന്റെ പകർപ്പ് നൽകിയതിലൂടെ പരാതി നൽകിയ വ്യക്തിയുടെ പേരും വെളിപ്പെടുത്തിയിട്ടുള്ളതിനാൽ പരാതിയിലെ ഒപ്പ് മറച്ച് വച്ച് നൽകാമെന്ന എസ്.പി.ഐ.ഒയുടെ മൊഴി കമ്മീഷൻ അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ പരാതിയുടെ പകർപ്പ് 8(1) (ജെ) യുടെ പരിധിയിൽ വരുന്നതല്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ പരാതിയുടെ പകർപ്പ് അപ്പീൽവാദിക്ക് നൽകേണ്ടതും വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

6. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2021 നവംബർ മാസം 23 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി